**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3812** **27-06-2024 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ക്വാട്ട നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016-21 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; | (എ) | 2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം 2410 അപേക്ഷകൾ പൊതുഭരണ വകുപ്പിൽ ലഭിച്ചിട്ടുണ്ട്.<br><br>കേരള പോലീസിൽ 2019 മുതൽ 2021 വരെ 1257 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2016 മുതൽ 2019 വരെയുള്ള വർഷങ്ങളിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം ശേഖരിച്ചുനൽകുന്നതാണ്.<br><br>2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകളിലേക്ക് 260 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>കേരള പോലീസിൽ 2016 മുതൽ നാളിതുവരെ 179 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. യിൽ നൽകിയ സ്പോർട്സ് ക്വാട്ട നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്. |
| (ബി) | സ്പോർട്സ് ക്വാട്ട നിയമനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | സ്പോർട്സ് ക്വാട്ട നിയമനത്തിനായി ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന പ്രതിനിധികളുടെ സഹായത്തോടെ സൂക്ഷ്മപരിശോധന നടത്തുന്നതിലും ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളും കോടതി വ്യവഹാരങ്ങളും തീർപ്പാക്കുന്നതിലും മറ്റുമായി ഉണ്ടാകുന്ന ഭരണപരമായ കാരണങ്ങളാലാണ് സ്പോർട്സ് ക്വാട്ട നിയമനം പലപ്പോഴും കാലതാമസം ഉണ്ടാകാറുള്ളത്. |
| (സി) | സ്പോർട്സ് ക്വാട്ട നിയമനങ്ങൾ വൈകിപ്പിക്കുന്നത് രാജ്യത്തിനും സംസ്ഥാനത്തിനും വേണ്ടി | (സി) | സ്പോർട്സ് ക്വാട്ട നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും |

| | | | |
|---|---|---|---|
| | അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളോടുള്ള അനാദരവായതിനാൽ ഈ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ